# Leo Life

The magazine of Leo XIII
HSS Pulluvila

# ആമുഖം

സ്കൂൾ വിദ്യാർഥികളെ വിവരസാങ്കേതികവിദ്യയുടെ ഉന്നതമേഖലകളിൽ പ്രാവീണ്യം ഉള്ളവരാക്കുക എന്ന ലക്ഷ്യത്തോടെകേരളാഗവണ്മെന്റ്ആവിഷ്കരിച്ച്നടപ്പാക്കിയ ഒരു പധ്ദതിയാണല്ലോ ലിറ്റിൽ കൈറ്റ്സ്.

ഉദ്ദേശ്യലക്ഷ്യങ്ങൾക്കതീതമായി വിദ്യാർഥിലോകം അത് ഏറ്റെടുക്കുകയും ഉത്തരോത്തരം മഹനീയഉയരങ്ങളിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നാം ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുന്നത്.

വാർഷിക പ്രവർത്തനങ്ങളിൽ ഒന്നായ 'ഡിജിറ്റൽ മാഗസിൻ ' തയാറാക്കിയ ലിറ്റിൽ കൈറ്റ്സിലെ എല്ലാ വിദ്യാർഥികളേയും അനുമോദിക്കന്നതിനോടൊപ്പം സൃഷ്ടികൾ നൽകി സഹായിച്ച എല്ലാ കുട്ടികളേയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

സസ്നേഹം

സുഷമ ജോസഫ്
ലിറ്റിൽ കൈറ്റ്മിസ്ട്രസ്
(എഡിറ്റർ)

# ആശംസ

പ്രിയ വിദ്യാർഥികളേ, അധ്യാപകരേ,

വിവര സാങ്കേതിക വിദ്യ ഈ ആധുനീക കാലത്ത്മനുഷ്യ ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്ന് നമുക്കേവർക്കും അറിയാവു-ന്നതാണ്.ഷോപ്പിങ്,ബാങ്കിങ്,യാത്ര എന്നു വേണ്ട നിത്യജീവിതത്തിന്റെ എല്ലാ മേഖലകളിലു സ്വാധീനശക്തിയായി മാറിയിരിക്കുന്നു ഐ.ടി. ഐ.ടി സാക്ഷരത മനുഷ്യന്റെ അനിവാര്യതയായി മാറിയിരിക്കുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വിദ്യാർഥികളെ ഒരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ്. ലീയോ ലൈഫ് എന്ന മാഗസിനുമായി സഹകരിച്ച Leo xiii HSS ലെ എല്ലാ വിദ്യാർഥികൾക്കും ഭാവുകങ്ങൾ നേരുന്നു.

നിഷാ മേരി

LK Mistress

# ഉള്ളടക്കം


- ഇത്തിരി ഒത്തിരി — പുസ്തക നിരൂപണം
- Insipid Voyage — Poem
- നമ്മുടെ ഭരണഘടന — ലേഖനം
- സഖി — കഥ
- The Waves — Poem
- ഉറുമ്പ് ജീവിതം — ഫീച്ചർ
- Sanity — Poem
- ഇന്ത്യാ ചരിത്രം — ചരിത്രം
- Life Alone In The Darkness — Story
- കടൽ പാട്ട് — തൊഴിൽ പാട്ട്
- ആരും കേൾക്കാത്ത വിലാപങ്ങൾ — അനുഭവക്കുറിപ്പ്

## പുസ്തക നിരൂപണം

# " ഇത്തിരി ഒത്തിരി "

ഞാൻ വായിച്ച , എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകങ്ങളിലൊന്നാണ് "ഇത്തിരി ഒത്തിരി ".

പ്രശസ്ത കവി കുഞ്ഞുണ്ണി മാഷിന്റെ കുട്ടിക്കവിതകളും കഥകളും അദ്ദേഹത്തിന്റെ ആപ്തവാക്യങ്ങളും പിന്നെ ഒത്തിരി വിജ്ഞാന കൗതുകങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള ഒരു പുസ്തകം. ഇതൊരു ബാലസാഹിത്യ വിഭാഗത്തിൽപ്പെട്ട പുസ്തക മാണെങ്കിലും മലയാളഭാഷാ സാഹിത്യത്തെ സ്നേഹിക്കുന്ന ഏതൊരാൾക്കും ഒരു നിധി പോലെയാണ് ഈ പുസ്തകം അനുഭവപ്പെടുക.

അഞ്ഞൂറോളം കുട്ടിക്കവിതകൾ, ആയിരത്തോളം പഴഞ്ചൊല്ലുകൾ, ആയിരത്തിലധികം കടംകഥകൾ, തിരുക്കുറൽ-മണികൾ, പ്രസിദ്ധരുടെ ഉദ്ധരണികൾ, പ്രസിദ്ധരുടെ അനുഭവ സാക്ഷ്യങ്ങൾ എന്നിങ്ങനെ അനേകം വിജ്ഞാന-വിനോദ കൗകുകങ്ങൾ കൊണ്ട് സമ്പുഷ്ടമായ ഈ പുസ്തകം മലയാള ഭാഷാ സാഹിത്യത്തിനും മലയാള ഭാഷാ സ്നേഹികൾക്കും ഒരു മുതൽക്കൂട്ടാണ്.

ശ്രുതി എം

X D

# Insipid Voyage

I tried to fight down
The piercing pain of regret
All the while gazing towards
The horizon of emptiness.

What hurts more, I wonder
The stormy guilt of fire
Or the cold stabbing pain
Of losing the reason to live.

The reasons seems stupid now
When I think of the past.
What fools were we to allow
Such things to keep us afar.

I only wish to gaze upon
The face of whom once was
My only reason to draw breath
My friend, my brother, my comrade.

**TEENA**
**10A**

ലേഖനം

# നമ്മുടെ ഭരണഘടന പ്രാധാന്യവും ആശങ്കകളും

നിത്യജീവിതത്തിൽ ഭരണഘടനയുടെ പ്രാധിന്യം എത്രയാണെന്ന് വർത്തമാനകാലം നമ്മെ ഓർമിപ്പിക്കുന്നു. അധികാരങ്ങളേയം അവകാശങ്ങളേയും പറ്റിയുള്ള മാധ്യമ വിചാരങ്ങൾ കൊടുംപിരിക്കൊണ്ടിരിക്കുന്നു. പിറന്ന മണ്ണിൽ അന്യനാകുകയാണോ എന്ന ഭയം കണ്ണുകളിൽ നിഴലിക്കുന്നു ഇനി വരുന്ന തലമുറയുടെ ഭാവിയെക്കുറിച്ച് ഉത്ഘണ്ഠയോടുകൂടി മാത്രം ചിന്തിച്ചു പോകുന്നു. ഭരണഘടനാ പരിരക്ഷയുടെ ആഴം നാം തിരിച്ചറിയുന്നു.

" കുട്ടികൾ കളിക്കുടുക്കകൾ മാറ്റിവച്ചുകൊണ്ട് ഭരണഘടന വായിക്കട്ടെ " എന്ന് ഈയിടെ ആരോ പറയുകയുണ്ടായി.അത് എത്ര ശരിയാണ്. ഉണ്ണാനോ ഉടുക്കാനോ വഴിനടക്കാനോ പോലും അർഹപയില്ലായിരുന്ന ഇരുണ്ട യുഗത്തിൽ

നിന്ന് സാമാന്യ ജനത്തെ രാജ്യത്തിന്റെ
അവകാശികളും അധിപൻമാരുമാക്കിയത്
നമ്മുടെ ഭരണഘടനയാണ്.അത് രൂപപ്പെടുത്തിയ
മഹാൻമാരാണ്. അവർ വിഭാവന ചെയ്ത സമത്വ
സുന്ദരമായ ഭാരതം അന്യം നിന്നു പോകാൻ
തുടങ്ങുകയാണോ?
ഇന്നിന്എന്താണ്സംഭവിച്ചുകൊണ്ടിരിക്കുന്നത്?
സ്ത്രീകൾക്ക് പ്രത്യേകം നിയമങ്ങൾഉണ്ടോ?
ജാതിമതവിദ്വേഷചിന്തകൾപുനർജനിച്ച് സംഹാര
നൃത്തം ആടുകയാണോ? അഭ്യസ്തവിദ്യരും ആ
ഒഴുക്കിനൊത്ത് നീങ്ങുകയാണോ?
അരുത്!"നാനാത്വത്തിൽഏകത്വം!"അതാണ്
ഇന്ത്യയുടെശക്തി.അതിലാണ്ഇന്ത്യയുട് അസ്തിത്വം!

ജിതിൻ ജറോം

9A

കഥ

# സഖി

സഖി എന്നായിരുന്നു അവളുടെ പേര്.സ്കൂൾ തുറന്ന അന്നു മുതൽ ഞാനവളെ ശ്രദ്ധിക്കുകയായിരുന്നു.സുന്ദരിയായതു കൊണ്ടല്ല, അവളുടെവിഷാദ ഭാവമായിരുന്നു എന്നെ അവളിലേയ്ക്ക് അടുപ്പിച്ചത്.

എന്റെ സമപ്രായക്കാരിയായിരുന്നു സഖി എങ്കിലും അവൾക്ക് കുട്ടിത്തം തീരെ ഇല്ലായിരുന്നു.

എപ്പോഴും ചിന്താമഗ്നയായി മൂകയായി

അകലങ്ങളിലേക്ക് മിഴി നട്ട് അവളിരുന്നു.

എന്നോട് കൂട്ടുകൂടാൻ

അവൾക്ക് വിമുഖത ഉണ്ടായിരുന്നില്ലെങ്കിലും

അവൾ സംസാരിച്ചിരുന്നത് വളരെ അപൂർവമായിരുന്നു.

അതുകൊണ്ടുതന്നെഅവളെക്കുറിച്ച്

എനിക്ക് ഒന്നും അറിയില്ലായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം സഖിയെ തേടി ഒരാൾ സ്കൂളിന്റെ പടവുകൾ കയറി വന്നു.അയാളെ കണ്ട മാത്രയിൽ സഖി പേടിച്ച് വിളറുന്നത്ഞാൻ കണ്ടു. അയാളുടെ തുറിച്ച കണ്ണുകൾ എന്നേയും പേടിപ്പിച്ചു.സഖി ഒന്നും മിണ്ടാതെ അയാൾ തെളിച്ച വഴിയിലൂടെ നടന്നു.അവളുടെ തുളുമ്പിയകണ്ണുകൾ എന്നോട് ചിലത് പറഞ്ഞുവോ?

ശാലിനി C

STD 9

# The Waves

Endless it may seem
They hit you hard and rogue
Absurd it would seem
Yet they make me whole

Puny it makes me
Yet stronger I become
The waves were always mean
Yet thankful I am hence.

**JOSHUWA**
**9B**

# Dream Alone

The racoon just stared at me
Mocking me or just pitying me
Hardly have any time to ponder
Is it just me my dear
Or the horizon welcoming me
With open arms.
Life seems  mystery now
And the time to reveal
My fears has not yet come

Jibin S
9 C

# Sanity


How far away is sanity
From insanity, I wonder.
For I was told once that
All it takes is a little
Nudge towards the pain
For one to embrace insanity
With welcoming arms of pity
From the shame of having
To be counted as sane.

Who really is sane
I asked the kite on a
Cold winter day with
Brimming tears of pain
Of being stabbed in the back.
That's when I realized
The ones who call
Themselves the champions
Of sanity and Zen
Are the real cannibals
Who are overjoyed
**With their sanity.**

JAPHETH JOHN
9B

# ഇന്ത്യാ ചരിത്രം

ഭാരതാംബയുടെ
പിറവിക്കു പിന്നിൽ
ഒരു കഥയുണ്ട്
വേദനയുടെ
ജീവത്യാഗങ്ങളുടെ
ആത്മസമർപ്പണത്തിന്റെ
കഥ.



സംസ്കാരത്തിന്റെയും സമ്പത്തി
ന്റെയും അക്ഷയഖനിയായിരുന്നു
ഭാരതം. ഈ സമ്പത്തിനെക്കുറിച്ച് കേട്ടറിഞ്ഞ് വിദേശ
ശക്തികൾ ഇവിടേയ്ക്കുള്ള വഴി തേടിയിറങ്ങി..ഒടുവിൽ വാസ്കോഡഗാമ
1498-ൽ കടൽമാർഗം ഇന്ത്യയിലെത്തി. ഇത് ഒരു പുതിയ ചരിത്രത്തിന്റെ
നാഴികക്കല്ലായി മാറി.

അവിടന്നങ്ങോട്ട് ചൂഷണത്തിന്റെ കഥ ആരംഭിക്കുകയായി. വിരുന്നു വന്നവർ
വീട്ടുകാരായി. ഇവിടത്തെ അമൂല്യസമ്പത്ത് അവർ കൊള്ളയടിച്ചു. ചിന്നിച്ചിതറി
ക്കിടന്നിരുന്ന നാട്ടുരാജ്യങ്ങളെയെല്ലാം തമ്മിലടിപ്പിച്ച് ഇതിൽ നിന്നുവീണ
ചോര അവർ നക്കിക്കുടിച്ചു.

1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനുമുമ്പ് ടിപ്പുസുൽ
ത്താൻ, വേലുത്തമ്പിദളവ, പഴശ്ശിരാജ വീരപാണ്ഡ്യ
കട്ടബൊമ്മൻ തുടങ്ങിയ ചിലരുടെ ഒറ്റപ്പെട്ട സമര
ങ്ങൾ മാത്രമേ ബ്രിട്ടീഷുകാർക്കു നേരിടേണ്ടി
വന്നുള്ളൂ.1857ലെ സമരം ബ്രിട്ടണും
ഇന്ത്യയ്ക്കും പുതിയ
ബോധ്യങ്ങൾ നൽകി.
ബ്രിട്ടൺ ചൂഷണം പതിന്മ
ടങ്ങ് വർദ്ധിപ്പിച്ചു.
ഇന്ത്യ ദേശീയ സമര
ത്തിന്റെ തീജ്
ജ്വാലയായി
മാറി

സുഷമ ജോസഫ്

# Left alone in the dark

Uncle picked me up from school abruptly. He said we need to go home immediately even though i begged him for an ice cream. He seemed so sad. The ride back home was so boring with silence. When we reached home, there was a crowd in front of my house. I wonder what they were doing I there. Who cares. I need to find my mother. Because I was feeling so hungry. I ran inside but couldn't find her. Then I saw Granny. She was saying something to my aunt. I tried to listen but they stopped talking when they saw me. What's going on with everybody. Whatever it is mother will tell me. I am sure of that. Granny was crying but she then carried my bag and asked if I was hungry. I was of course but I asked her where mother is. Out of nowhere father came in and hugged me for some time. It was awkward because I doesn't show his affection usually. I asked him where mum is. He took me inside the hall. There she is. She is sleeping peacefully. She is covered with white sheets. Why is everyone crying around. She doesn't like when people are sad. Don't they know that? I shook her and asked her to wake up. Why is she not responding?"Mum" I called her again and again. I am so hungry. Wake up mum..No response. Tears are brimming in my eyes. That's it. I won't talk to her when she wake up. Where is my doll?

**SIBIN S**
**9B**

# കടൽ പാട്ട്

ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
ഒത്തു പിടിച്ചോ വലയൊന്ന് കേറട്ടെ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
പൊത്തി തിന്നാൻ ഒത്തിരി കിട്ടും
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
മുള്ളു കൊരുത്താൽ ഒക്കെപ്പോയി
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
ഏറ്റു പാടെന്റെ കുഞ്ഞിപെൺകൊച്ചേ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
മീനു വാരാൻ വാരോ ഒടയോരേ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
വെല പറയാൻ വാരോ മാളോരേ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
കുട്ടയെടുക്കെന്റെ കർത്തരിപ്പെണ്ണേ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
ചമ്പാവു വെച്ചോടീ കാന്താരിപ്പെണ്ണേ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ
ഏലയ്യ ഏലേലയ്യ ഏലയ്യ ഏലേലയ്യ

**ആൻ മരിയ**
9D

അനുഭവക്കുറിപ്പ്

# ആരും കേൾക്കാത്ത വിലാപങ്ങൾ

പത്താം ക്ലാസിൽ പഠിക്കുന്ന ജോണിന്റെ കഥയാണിത്. കഥയല്ല; ജീവിതം. മൂന്ന് സഹോദരിമാരുണ്ട്. മൂകനും ബധിരനുമായ അച്ഛൻ പക്ഷാഘാതം വന്നു കിടപ്പിലാണ്. ഇവരുടെ നിത്യവൃത്തിക്കു വഴി കണ്ടെ ത്തേണ്ടത് ജോണിന്റെ കർത്തവ്യമാണ്. പകൽ സ്കൂളിൽ, രാത്രി രണ്ടുമണിക്കുണർന്ന് കടലിൽ പണിക്കു പോകണം. പണികഴിയുന്നത് രാവിലെ 9 മണി കഴിഞ്ഞാണെങ്കിൽ ജോൺ സ്കൂൾ മുടക്കും. വൈകിയാലും കുഴപ്പമില്ല, സ്കൂളിൽ വരണമെന്ന് ടീച്ചർ പറഞ്ഞിട്ടുണ്ട്.പക്ഷേ.....പലപ്പോഴും മുടങ്ങുന്നു. സഹപാഠികൾ അറിയുന്നുണ്ടോ ജോണിനെപ്പോലെയുള്ളവരുടെ ദുഖങ്ങൾ. അച്ഛന്റെ ചികിത്സയ്ക്ക് ചെലവായ പണം കടമാണ്. ആ കടം തീർക്കണം,കുടുംബം പുലർത്തണം. പിന്നെ പഠനം! വിജയം!?! ജോണിനെപ്പോലുള്ളവർ ഒരുപാടുണ്ട് നമ്മുടെ സ്കൂളിൽ. സമൂഹത്തിന്റെ കരുതൽ ഇവർക്കാണ് വേണ്ടത്.

(പേര് സാങ്കൽപികമാണ്. കഥ സത്യവും.)

വിനോദ് വി

**9A**

Thank you